# നിരന്തര വളർച്ചയല്ല, മാനവികതയുടെ വളർച്ച

ഡോ. എം.എ. ഉമ്മൻ

പങ്കുവയ്ക്കലിന്റെ അടിസ്ഥാനം ലാഭമാണെന്ന് ചിന്തിക്കുന്ന വ്യവസ്ഥിതിക്ക് ഒരിക്കലും നീതിക്ക് വേണ്ടി നിൽക്കാൻ കഴിയില്ല. ലക്ഷ്യത്തെയും ഉപകരണത്തെയും സംബന്ധിച്ച നിലനിൽക്കുന്ന സന്ദേഹങ്ങൾ ആത്യന്തികമായി നാം തിരിച്ചറിയേണ്ടതുണ്ട്.

അഭിമുഖം തയ്യാറാക്കിയത്:
കെ. സഹദേവൻ

സാമ്പത്തികശാസ്ത്ര വിദഗ്ധൻ, അദ്ധ്യാപകൻ, എഴുത്തുകാരൻ

**നിരന്തരവും ക്രമാതീതവുമായ വളർച്ച (perpetual and exponential growth) എന്ന നിയോക്ലാസിക്കൽ സമ്പദ്ശാസ്ത്ര ദർശനത്തിന് ഇന്ന് ആഗോളതലത്തിൽ തന്നെ തിരിച്ചടികൾ നേരിടുന്നുണ്ട്. വിഭവ ദൗർലഭ്യം, പാരിസ്ഥിതിക തകർച്ചകൾ തുടങ്ങിയ ഗൗരവമായ നിരവധി പ്രതിസന്ധികൾ വളർച്ചാ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സാമ്പത്തികയുക്തിയെ പ്രതിസന്ധിയിലകപ്പെടുത്തുന്നുമുണ്ട്. ഇതിനെ എങ്ങനെ വിലയിരുത്തുന്നു?**

നിരന്തരവും ക്രമാതീതവുമായ വളർച്ച എന്ന സങ്കൽപ്പത്തിന് ആഗോളതലത്തിൽ തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ് എന്നത് ശരിയാണ്. ഏറെക്കാലത്തേക്ക് പ്രാധാന്യമുള്ള ഒരു ഉത്കണ്ഠയാണിത്. 'ഡവലപ്മെന്റ് ആസ് ഫ്രീഡം' എന്ന പുസ്തകത്തിൽ അമർത്യസെൻ പറയാൻ ശ്രമിക്കുന്നതും ഇതേകാര്യമാണ്. "ഗ്രോത്ത് ഈസ് എവരിതിംഗ്" എന്ന് പറയുന്നതുതന്നെ അസംബന്ധമാണ്. എന്നാൽ ഇക്കണോമിസ്റ്റുകൾക്ക് അത് മനസ്സിലാകുന്നില്ല. ലക്ഷ്യത്തെയും മാർഗ്ഗത്തെയും കുറിച്ച് അവർക്ക് അവ്യക്തതയുണ്ട്. സാമ്പത്തികവളർച്ച എന്നതിന്റെ യുക്തിതന്നെ പ്രശ്നമാണ് എന്നവർ ചിന്തിക്കുന്നില്ല. ആവശ്യങ്ങൾക്ക് പരിധിയില്ല (wants are unlimitted) എന്നാണ് ഇക്കണോമിക്സിൽ ആദ്യം പഠിപ്പിക്കുന്നത്. എന്നാൽ അവയെ തൃപ്തിപ്പെടുത്താനുള്ള വിഭവങ്ങൾ പരിമിതമാണ്. വിഭവ ദൗർലഭ്യം നിലനിൽക്കുന്നുണ്ട്; ദൗർലഭ്യത്തിന്റെ സൂചകമാണ് വില എന്നത്. അതുകൊണ്ടാണ് വിലയുടെ അടിസ്ഥാനത്തിൽ വിഭവ വിതരണം നടത്തണം എന്ന് പറയുന്നത്. നിങ്ങൾ ഉത്പാദിപ്പിക്കുന്ന ചരക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് വില നിശ്ചയിക്കപ്പെടുന്നത്. ചരക്കുകൾ/ഉത്പന്നങ്ങൾ ഉണ്ടാക്കുന്നത് ആഗ്രഹം നിറവേറ്റാണ്, ആവശ്യം നിറവേറ്റാനല്ല. ചരക്കുകളുടെ മൂല്യം നിശ്ചയിക്കപ്പെടേണ്ടത് Use value വിനെ അടിസ്ഥാനപ്പെടുത്തിയാണോ അതോ exchange value വിനെയാണോ എന്നതാണ് ചോദ്യം. There is nothing beyond exchange value എന്നതാണ് സാമ്പ്രദായിക സാമ്പത്തിക ശാസ്ത്രജ്ഞന്മാർ എക്കാലത്തും പറഞ്ഞിട്ടുള്ളത്. ഞാൻ അതിന് എപ്പോഴും എതിരാണ്. ആവശ്യങ്ങൾക്ക് പരിധിയില്ല എന്ന് പറയുന്നത് തന്നെ തെറ്റാണ്. Unlimitted wants എന്നതിന്റെ യുക്തി തന്നെ ചോദ്യം ചെയ്യപ്പെടണം. തൃഷ്ണയാണത്. തൃഷ്ണയാണ് എല്ലാ പ്രശ്നങ്ങളുടെയും കാരണം. മനുഷ്യന്റെ ആവശ്യത്തിന് വേണ്ടതെല്ലാം ഈ ഭൂമിയിലുണ്ട്, പക്ഷെ അത്യാഗ്രഹത്തിന് ഉള്ളതില്ല എന്ന ഗാന്ധിജിയുടെ വാക്കുകൾ തന്നെയാണ് എന്നും പ്രധാനമാകുന്നത്. ഈ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ടല്ല ഡൊണാൾഡ് ട്രംപും നരേന്ദ്രമോദിയുമൊന്നും മുന്നോട്ടുപോകുന്നത്. വളർച്ച എന്നത് ഒരു ഉപാധി മാത്രമാണ്. മനുഷ്യർ എങ്ങനെ ജീവിക്കണം എന്നതാണ് എന്നത്തെയും പ്രസക്തമായ

ചോദ്യം. ഈ ചോദ്യത്തിന്റെ ഉത്തരം ഇക്കണോമിസ്റ്റുകൾ അന്വേഷിക്കാറില്ല. ഉത്പാദനോപാധികളുടെ വില കുറച്ചിട്ട് ലാഭം എങ്ങനെ കൂട്ടാം എന്നാണ് അവർ ചിന്തിക്കുന്നത്. അങ്ങനെ ചിന്തിക്കുന്നവരാണ് നല്ല ഇക്കണോമിസ്റ്റുകളായി ഇന്ന് പരിഗണിക്കപ്പെടുന്നത്. പങ്കുവയ്ക്കലിന്റെ അടിസ്ഥാനം ലാഭമാണെന്ന് ചിന്തിക്കുന്ന വ്യവസ്ഥിതിക്ക് ഒരിക്കലും നീതിക്ക് വേണ്ടി നിൽക്കാൻ കഴിയില്ല. ലക്ഷ്യത്തെയും ഉപകരണത്തെയും സംബന്ധിച്ച നിലനിൽക്കുന്ന സന്ദേഹങ്ങൾ ആത്യന്തികമായി നാം തിരിച്ചറിയേണ്ടതുണ്ട്. എന്റെ മുന്നിലിരിക്കുന്ന കഞ്ഞി ഞാൻ സ്വർണ്ണ സ്പൂൺ ഉപയോഗിച്ച് കഴിക്കണോ എന്നതല്ല പരിഗണനയായി വരേണ്ടത്. കഞ്ഞികുടിക്കുക, ജീവിക്കുക എന്നതാണ് പ്രധാനം. Instrument അല്ല objective ആണ് പ്രധാനം. ഇക്കണോമിക്സ് തന്നെ എങ്ങനെയാണുണ്ടായത്? കാറുണ്ടാക്കാൻ വേണ്ടിയുണ്ടാക്കിയ ശാഖയല്ല ഇക്കണോമിക്സ്. മനുഷ്യൻ എങ്ങനെ ജീവിക്കണം എന്ന ചോദ്യവുമായി ബന്ധപ്പെട്ടാണ് ഇക്കണോമിക്സ് ഉണ്ടാകുന്നത്. പിന്നീടത് സാമ്പത്തിക വളർച്ച (economic growth) എന്നതിലേക്ക് ചുരുങ്ങുകയായിരുന്നു.

**ഭൂമിയുടെ ജൈവപരവും ഭൗതികവുമായ പരിമിതികളെ മുഖ്യധാരാ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ അവഗണിക്കുകയോ അതിനോട് അജ്ഞത നടിക്കുകയോ ചെയ്യുന്നുണ്ട്. നിലനിൽക്കുന്ന സമ്പദ്‌വ്യവസ്ഥയിലേക്ക് നിരന്തരമായി തള്ളിവിടാനുള്ള വിഭവങ്ങൾ ഇന്ന് ഭൂമിയിൽ ഇല്ല എന്ന യാഥാർത്ഥ്യത്തെ വിസ്മരിച്ചുകൊണ്ടാണ് 'നിരന്തര വളർച്ച' എന്ന ആശയത്തെ അവർ ഇപ്പോഴും പിന്തുണച്ചുകൊണ്ടിരിക്കുന്നത്. ഇതിനോട് എങ്ങനെ പ്രതികരിക്കുന്നു?**

വളർച്ചയെക്കുറിച്ചും അതിന്റെ പരിമിതികളെക്കുറിച്ചും മോഡേൺ ഇക്കണോമിക്സ് ചിന്തിക്കുന്നതിൽ ഒരുപാട് പരിമിതികളുണ്ട്. സാമ്പത്തികശാസ്ത്രത്തെ വളരെ ഗൗരവത്തോടെ പരിഗണിക്കുന്ന ഒരാളെന്ന നിലയിൽ കഴിഞ്ഞ 40 വർഷമായി ഇക്കാര്യം പല ഗ്രൂപ്പുകളിലും ചർച്ച ചെയ്യുന്നുണ്ട്. ഹാർവാർഡ് യൂണിവേഴ്സിറ്റിക്കാർ പറയുന്നതാണ് ഇക്കണോമിക്സ് എന്നൊരു ധാരണ നമുക്കുണ്ട്. അതല്ല ഇക്കണോമിക്സ് എന്നതിനെ ചോദ്യം ചെയ്യാനാണ് ഞാൻ ജീവിതത്തിലുടനീളം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പോൾ സാമുവേൽസണിന്റെ 'ദ ഇക്കണോമിസ്റ്റ്' (Paul Samuelson-The Economist) എന്ന പുസ്തകമാണ് ഇക്കണോമിക്സ് പഠിക്കാൻ തുടങ്ങുന്നവരെ ആദ്യം പഠിപ്പിക്കുന്നത്. അതിൽത്തന്നെ പ്രശ്നങ്ങളുണ്ട്. 80കളിൽ ഒരിക്കൽ ഞാൻ സോവിയറ്റ് യൂണിയനിൽ പോയപ്പോൾ അവിടെയും സാമ്പത്തികശാസ്ത്ര വിദ്യാർത്ഥികളെ ഈ പുസ്തകം പഠിപ്പിക്കുന്നതായി കണ്ടു. ഒരു കമ്മ്യൂണിസ്റ്റ് രാജ്യത്ത് പോലും ഇക്കണോമിക്സ് പഠിപ്പിക്കുന്നത് അമേരിക്കൻ ടെക്സ്റ്റ് ഉപയോഗിച്ചാണ്. അതുകൊണ്ടുതന്നെ ഇക്കണോമിക്സിന്റെ കാര്യത്തിൽ വ്യത്യസ്തമായ ഒരു ചിന്താരീതി ഉണ്ടായിവരുന്നില്ല. ഇക്കണോമിക്സ് പഠിപ്പിക്കുന്നിടത്തും പ്രയോഗിക്കുന്നിടത്തും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. നിരന്തര വളർച്ചയുടെ പ്രശ്നങ്ങളെക്കുറിച്ചും അത് സൃഷ്ടിക്കുന്ന പ്രകൃതി ചൂഷണത്തെക്കുറിച്ചും വിമർശനാത്മകമായ ഒരു ചിന്ത സാമ്പ്രദായിക ഇക്കണോമിസ്റ്റുകളുടെ ഭാഗത്ത് നിന്നും ഉയർന്നുവരാത്തത് അതുകൊണ്ടാണ്. നിയമവ്യവസ്ഥയെ മറികടന്ന് പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനെപ്പോലും ന്യായീകരിക്കുന്നതരത്തിലേക്ക് അത് എത്തിച്ചേർന്നിരിക്കുന്നു. പ്രകൃതി എന്റേതും നിന്റേതുമല്ല, അത് പ്രപഞ്ചത്തിന്റെ ഒരു വരദാനമാണ്. എല്ലാവർക്കുമുള്ള പൊതു ഒസ്യത്താണ് എന്ന ചിന്ത ആധുനിക സാമ്പത്തിക ശാസ്ത്രത്തിനില്ല. ഇതു ചിന്തിക്കാതെ എല്ലാം വെട്ടിപ്പിടിക്കാൻ ശ്രമിക്കുന്ന മുതലാളിത്ത സമീപനത്തെ പിന്താങ്ങുകയാണ് ഇക്കണോമിസ്റ്റുകൾ ഇന്ന് ചെയ്യുന്നത്. തോമസ് പിക്കറ്റി 'ക്യാപിറ്റൽ ഇൻ ദ ട്വന്റിഫസ്റ്റ് സെഞ്ചുറി' എന്ന പുസ്തകത്തിൽ ഇതിനെക്കുറിച്ച് വിശദമായി പറയുന്നുണ്ട്. അസംസ്കൃത വസ്തുവായിട്ടാണോ പൈതൃക സമ്പത്തായിട്ടാണോ പ്രകൃതിയെ കരുതേണ്ടത് എന്ന ചോദ്യമാണ് ഇന്ന് പ്രധാനം. സാങ്കേതികവിദ്യ വികസിക്കുന്നതിനനുസരിച്ച് ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും എന്ന ധാരണയും തെറ്റാണ്. സാങ്കേതികവിദ്യക്ക് അനേകം പരിമിതികളുണ്ട്. സാങ്കേതികവിദ്യയുടെ തിരഞ്ഞെടുപ്പും വളരെ പ്രധാനമാണ്. ആണവസാങ്കേതികവിദ്യ വിനാശകരമായ ഒന്നാണല്ലോ. ഞാൻ ഉപയോഗിക്കുന്ന ടെക്നോളജി റോബോട്ടിക്സ് ആണെങ്കിൽ മനുഷ്യന് അതിനോട് സഹകരിക്കേണ്ട ആവശ്യം വരുന്നില്ല. എന്റെ ലാഭത്തിന് വേണ്ടി ഞാൻ റോബോട്ടുകളെ ഉപയോഗിച്ച് പണിയെടുപ്പിക്കുമ്പോൾ മനുഷ്യർക്ക് അതിൽ ഒരു പങ്കാളിത്തവും ഉണ്ടാകുന്നില്ല. അമേരിക്കയുടെ ശക്തി വർദ്ധിപ്പിക്കാനാണ് നിങ്ങൾ ടെക്നോളജി ഉപയോഗിക്കുന്നതെങ്കിൽ അതുകൊണ്ട് ഒരു ഉപകാരവുമില്ല. മനുഷ്യാധ്വാനത്തെ നിരർത്ഥകമാക്കുന്ന ടെക്നോളജികളല്ല വേണ്ടത് അധ്വാനത്തെ ഉൾക്കൊള്ളുന്ന ടെക്നോളജിക്കൽ മാതൃകകളാണ് ഉണ്ടാകേണ്ടത്.

**വിപണിയെ അടിസ്ഥാനമാക്കിയുള്ള ഒരു ഉത്പാദന വ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങൾ, പ്രധാനമായും അവ ഉത്പാദിപ്പിക്കുന്ന നെഗറ്റീവ് എക്സ്റ്റേണാലിറ്റീസ് മറികടക്കുന്നതിന്, പിഗോവിയൻ ടാക്സ് പോലെയുള്ള കുറുക്കുവഴികളാണ് സാമ്പത്തിക വിദഗ്ധന്മാർ നിർദ്ദേശിക്കുന്നത്. സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്ന പാരിസ്ഥിതിക വെല്ലുവിളികൾ പോലെയുള്ള ബാഹ്യഘടകങ്ങളെ നേരിടാൻ ഇത്തരം സംവിധാനങ്ങൾ ഫലപ്രദമല്ലെന്ന് മാത്രമല്ല വലിയരീതിയിലുള്ള അസമത്വങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നുണ്ട്. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പാരിസ്ഥിതിക പ്രതിസന്ധികളെ നേരിടാൻ ഇത്തരത്തിലുള്ള കുറുക്കുവഴികൾകൊണ്ട് സാധ്യമാകുമോ?**

ഇല്ല, പറ്റില്ല എന്ന് നിസ്സംശയം പറയാം. പോസ്റ്റ് ട്രൂത്ത് സൊസൈറ്റിയുടെ സമീപനമാണ് ഇതെല്ലാം. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പാരിസ്ഥിതിക പ്രതിസന്ധികളെക്കുറിച്ച് മുഖ്യധാരാ സാമ്പത്തികശാസ്ത്രജ്ഞന്മാർ ചിന്തിക്കുന്നതേയില്ല എന്ന വസ്തുത എനിക്ക് നേരിട്ട് അറിവുള്ളതാണ്. അവരുടെ സാമ്പത്തിക ശാസ്ത്ര ചർച്ചകളിൽ എവിടെയും അത്തരം കാര്യങ്ങൾ ഞാൻ കണ്ടിട്ടില്ല. പീക്ക് ഓയിൽ പ്രതിസന്ധിയെക്കുറിച്ച് അവർ അജ്ഞരാണ്. കാർബൺ ടാക്സ് പോലെയുള്ള മാർഗ്ഗങ്ങളിലൂടെ കാർബൺ ബഹിർഗമനം കുറയ്ക്കാം എന്നാണ് അവർ കരുതുന്നത്. ടാക്സ് കൂട്ടി ബഹിർഗമനത്തെ നിയന്ത്രിക്കാം എന്ന് കരുതുന്നത് എന്തൊരു വിഡ്

ഢിത്തമാണ്! ഈ വികസനമാതൃക തന്നെ മാറേണ്ടതുണ്ട് എന്ന ചിന്ത അവർക്കില്ല. താത്കാലിക ശമനങ്ങളെക്കുറിച്ച് മാത്രമാണ് ആലോചനകളെല്ലാം. മാഫിയാ താത്പര്യങ്ങൾ നിയന്ത്രിക്കുന്ന വികസനത്തിന് അവർ കൂട്ടുനിൽക്കുകയാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളല്ല ഈ വികസനമാതൃകയിലൂടെ നിറവേറ്റപ്പെടുന്നത്. അതുമായി ബന്ധമില്ലാത്ത കുറേക്കാര്യങ്ങൾ നടക്കുന്നു. അത് ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പാരിസ്ഥിതിക പ്രതിസന്ധികൾക്ക് ആക്കം കൂട്ടുന്നു. നമ്മൾ എത്തിച്ചേർന്നിരിക്കുന്ന ഒരു പ്രതിസന്ധിയാണിത്. ഒരു ദിവസം കൊണ്ട് ഇത് മാറ്റാൻ കഴിയില്ല. ഈ പ്രതിസന്ധിയുടെ ആഴം മനുഷ്യസമൂഹം പൂർണ്ണമായും മനസ്സിലാക്കിത്തുടങ്ങിയിട്ടില്ല. അതിനുള്ള യുക്തി മനുഷ്യർ കാണിക്കുന്നില്ല. യുക്തിയേക്കാൾ ഏറെ മറ്റ് താത്പര്യങ്ങളാണ് ആധിപത്യം പുലർത്തുന്നത്. സമൂഹത്തിലെ പ്രബല വിഭാഗങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ചുള്ള ഉത്പാദന രീതികളാണ് ഇവിടെ ആധിപത്യം പുലർത്തുന്നത്. ഈ പ്രതിസന്ധിയെ മറികടക്കണമെങ്കിൽ മനുഷ്യരുടെ സ്വാതന്ത്ര്യബോധവും യുക്തിബോധവും ഉയരണം. ചുറ്റുപാടുകളോട് സർഗ്ഗാത്മകമായി പ്രതികരിക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം എന്ന് 'പെഡഗോഗി ഓഫ് ദി ഒപ്രസ്ഡ്' എന്ന പുസ്തകത്തിൽ പൗലോ ഫ്രെയർ പറയുന്നുണ്ട്. അതാണ് എല്ലാക്കാര്യത്തിലും വേണ്ട സമീപനം. ചുറ്റുപാടുകളോട് സർഗ്ഗാത്മകമായി പ്രതികരിക്കുന്നതിനുള്ള സ്വാതന്ത്ര്യം നഷ്ടമായവരാണ് നമ്മൾ. ഈ സാഹചര്യത്തിൽ ഒരു ഉട്ടോപ്യ നമുക്ക് ആവശ്യമുണ്ട്. അതില്ലാതെ മുന്നോട്ടുപോകാൻ കഴിയില്ല. മരണശേഷം സ്വർഗ്ഗത്തിൽ പോകാം എന്ന് പറയുന്നത് വലിയ പ്രതീക്ഷ നൽകുന്ന ഒരു ഉട്ടോപ്യ ആണ്. അതുപോലെ ആദർശാത്മകമായ ഒരു ലോകത്തെക്കുറിച്ച് നമുക്ക് സങ്കൽപ്പിക്കാൻ കഴിയണം. എന്നാൽ മാത്രമേ അതിനുവേണ്ടി നിലകൊള്ളാൻ കഴിയൂ. മതങ്ങൾ ആ സാധ്യതയെ തെറ്റായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ അടിത്തറ നിരന്തര വളർച്ച എന്നതായതിനാൽ അതിൽ ഒരു ഉട്ടോപ്യക്കും സാധ്യതയില്ല. ആവശ്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി വിധ്വംസകമായ ശക്തി ഉപയോഗിക്കുകയാണ് നിരന്തര വളർച്ച എന്ന സങ്കൽപ്പത്തിൽ സംഭവിക്കുന്നത്. യുക്തിപരമായി ചിന്തിച്ചാൽ മാത്രമേ ഇതിന്റെ യുക്തിരാഹിത്യം നമുക്ക് കാണാൻ കഴിയൂ. അവിടെയാണ് സ്വാതന്ത്ര്യത്തെ വികസിപ്പിക്കുക എന്നത് പ്രധാനമായി വരുന്നത്. മനുഷ്യന്റെ പട്ടിണി, ദാരിദ്ര്യം, അജ്ഞത, ആത്മാഭിമാനക്കുറവ്, അനാരോഗ്യം, സമൂഹനിർമാണത്തിൽ പങ്കുചേരാനുള്ള കെൽപ്പില്ലായ്മ തുടങ്ങി ഒട്ടേറെ അസ്വാതന്ത്ര്യങ്ങൾ ഇല്ലാതാകുമ്പോൾ മാത്രമേ മാനവികതയ്ക്ക് മുൻതൂക്കമുള്ള വികസനമുണ്ടാകൂ എന്ന് 'ഡവലപ്മെന്റ് ആസ് ഫ്രീഡം' എന്ന പുസ്തകത്തിൽ അമർത്യസെൻ പറയുന്നതിലേക്കാണ് ഞാൻ വരുന്നത്. അത്തരം ഒട്ടേറെ അസ്വാതന്ത്ര്യങ്ങളിൽ തടയപ്പെട്ടിരിക്കുകയാണ് നമ്മൾ. എനിക്ക് കിട്ടുന്ന ഭക്ഷണത്തിന് പോഷകമൂല്യമില്ലാത്തതുകൊണ്ട് അസ്വാതന്ത്ര്യം അനുഭവപ്പെടുന്നു. എല്ലാ സാമൂഹിക ക്രമീകരണങ്ങളും (social arrangements) എന്റെ സ്വാതന്ത്ര്യത്തെ തടയുന്നു. നീതിയിൽ അധിഷ്ഠിതമായ സാമൂഹിക ക്രമീകരണങ്ങളുണ്ടാകേണ്ടുന്നതിന്റെ പ്രാധാന്യം അതാണ്. ഒരാളുടെ സ്വാതന്ത്ര്യം വിപുലമാകുന്നത് അയാളുടെ പ്രാപ്തിക്കനുസരിച്ചാണ്. പ്രാപ്തിയുണ്ടെങ്കിലേ സ്വാതന്ത്ര്യമുണ്ടാകൂ, കർമസത്ത (functionings) വിപുലമാകൂ. സ്വാതന്ത്ര്യമുണ്ടെങ്കിലേ വാസ്തവത്തിൽ പ്രാപ്തിയുണ്ടാവുകയുള്ളൂ. ഇത് പരസ്പരബന്ധിതമാണ്. നിങ്ങൾക്ക് തീരുമാനങ്ങളെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടോ എന്നതാണ് മുഖ്യമായ ചോദ്യം. നിങ്ങൾക്ക് വിലപ്പെട്ടതെന്ന് തോന്നുന്നതിനെ സ്വീകരിക്കാനുള്ള കെൽപ്പ് ഉണ്ടാകുമ്പോഴേ യഥാർഥ സ്വാതന്ത്ര്യം അനുഭവവേദ്യമാകൂ. അതിനനുസൃതമായ നയങ്ങൾ രൂപീകരിക്കലാണ് ഭരണാധികാരത്തിന്റെ കർത്തവ്യം. അല്ലാതെ കുറെ അപ്പക്കഷണങ്ങളുമായി ജനക്കൂട്ടത്തിന്റെ മുന്നിലെത്തി അവർക്ക് എറിഞ്ഞുകൊടുക്കലല്ല. ഇവിടെയാണ് മനുഷ്യ കർതൃത്വം (human agency) അർത്ഥവത്താവുക. നിലവിലുള്ള നയങ്ങളോടും സാമൂഹിക ക്രമീകരണങ്ങളോടും കലഹിച്ചുകൊണ്ട് സമൂഹത്തിന്റെ ഗുണമേന്മ വർധിപ്പിക്കാനുള്ള പ്രയാണമാണ് വികസനമെന്ന് അമർത്യസെൻ അടിവരയിട്ട് പറയുന്നുണ്ട്. ഇതുതന്നെയാണ് വികസനത്തെക്കുറിച്ചുള്ള ചിന്തകളിൽ പ്രാമുഖ്യം ലഭിക്കേണ്ട കാര്യം.

**ക്ലാസിക്കൽ സമ്പദ്ശാസ്ത്ര ദർശനം മനുഷ്യനെ സഹകരണ മനുഷ്യൻ (homo reciprocon) എന്ന സ്ഥാനത്ത് നിന്നും സാമ്പത്തിക മനുഷ്യൻ (homo economicus) എന്ന സ്ഥാനത്ത് എത്തിച്ചിരിക്കുന്നു. നിലനിൽക്കുന്ന പ്രതിസന്ധിയുടെ അടിവേരുകൾ കണ്ടെത്താൻ ശ്രമിച്ചാൽ അടിസ്ഥാനപരമായ ഈ മാറ്റം സുപ്രധാന ഘടകമാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. സമ്പദ്ശാസ്ത്ര ദർശനത്തിലെ ജ്ഞാനപരമായ പരിമിതിയായി ഇതിനെ കണക്കാക്കാൻ കഴിയുമോ?**

സാമ്പത്തിക ശാസ്ത്രത്തിന്റേതല്ല, സാമ്പത്തിക ശാസ്ത്രം കൈകാര്യം ചെയ്യുന്നവരുടെ പ്രശ്നമാണിത്. അതുകൊണ്ടാണ് ഞാൻ ഹാർവാർഡ് ഇക്കണോമിസ്റ്റുകളെക്കുറിച്ച് പറഞ്ഞു തുടങ്ങിയത്. അവർ ഈ അടിസ്ഥാനപരമായ പ്രശ്നങ്ങൾ ബോധപൂർവ്വം കണ്ടില്ലെന്ന് നടിക്കുകയാണ്. അവരുടെ പ്രൊഫഷണൽ ആയ നിലനിൽപ്പിന് അത് ആവശ്യമാണ്. ആശയപരമായ ദുരന്തമാണത്. പുതിയ ലോകത്തെക്കുറിച്ച് അവർക്ക് ആലോചിക്കാൻ കഴിയുന്നില്ല. കമ്പോളത്തെ സംരക്ഷിക്കേണ്ടത് അവരുടെ ബാധ്യതയായി മാറിയിരിക്കുന്നു. ഇവിടെ ആദിവാസികൾ ഇപ്പോഴും വീട്ടിനുള്ളിൽ മറവുചെയ്യപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നു. അവരുടെ ഭൂമി രാഷ്ട്രീയ നേതൃത്വങ്ങളും മാഫിയകളും ചേർന്ന് കയ്യടക്കിവച്ചിരിക്കുന്നു. അത്തരം അനീതികൾ മറച്ചുവച്ചിട്ടാണ് ഇവർ സാമ്പത്തിക വളർച്ചയെക്കുറിച്ച് മാത്രം സംസാരിക്കുന്നത്.

**നിലവിലുള്ള വ്യവസ്ഥയ്ക്കകത്ത് നിന്നുകൊണ്ടുള്ള ചെറിയ തിരുത്തലുകൾ വഴി ഈ പ്രതിസന്ധികളെ മറികടക്കാൻ കഴിയുമോ? ഉദാഹരണമായി സുസ്ഥിര വികസനം പോലെയുള്ള സങ്കൽപ്പങ്ങളും ഉണ്ടാകുന്നുണ്ടല്ലോ?**

സുസ്ഥിര വികസനം എന്നത് സർവ്വാത്മനാ സ്വീകരിക്കേണ്ട സങ്കൽപ്പമല്ല. അത് contextual ആണ്. ആരുടെ, എന്തിന്റെ സുസ്ഥിരത എന്നത് വളരെ പ്രധാനമാണ്. ഈ വളർച്ചാഭ്രമ (growth mania) ത്തിന്റെ സുസ്ഥിരതയാണെങ്കിൽ കാര്യമില്ലല്ലോ. അതുകൊണ്ട് നിലവിലെ വികസന വ്യവസ്ഥ തന്നെ മാറുന്നില്ലെങ്കിൽ സുസ്ഥിര വികസനം പോലെയു

ള്ള സങ്കൽപ്പങ്ങൾ പാഴ്‌വാക്കുകളാണ്. വ്യവസ്ഥയുടെ പ്രശ്നങ്ങൾ പരിഗണിക്കാതെയുള്ള പരിഹാരങ്ങൾ രോഗലക്ഷണത്തെ മാത്രമാണ് ചികിത്സിക്കുന്നത്. സുസ്ഥിര വികസനമായാലും പിഗൂവിയൻ ടാക്സ് ആയാലും അടിസ്ഥാനപരമായ ചോദ്യങ്ങളിൽ നിന്നും അകന്നുമാറുന്നതിനുള്ള ഉപാധിയായാണ് ഇന്ന് പരിഗണിക്കപ്പെടുന്നത്. വളർച്ച സങ്കൽപ്പത്തെ ചോദ്യം ചെയ്യാൻ ഈ ബദൽ സങ്കൽപ്പത്തിന് കഴിഞ്ഞിട്ടില്ല. Growth എന്നത് ഒരു ആഗോളമതമായി മാറിയിരിക്കുന്നു.

**സാമ്പത്തിക സേവനങ്ങൾ ഒരുവശത്ത് കൂടുതൽ ലഭ്യമായിക്കൊണ്ടിരിക്കുമ്പോൾ മറുവശത്ത് മനുഷ്യസമൂഹത്തിന് സൗജന്യമായി ലഭ്യമായിക്കൊണ്ടിരിക്കുന്ന പാരിസ്ഥിതിക സേവനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പ്രകൃതി നൽകുന്ന അനേകം പാരിസ്ഥിതിക സേവനങ്ങളെ പരിഗണിക്കാൻ സാധിക്കാത്ത രീതിയിലുള്ള ആഭ്യന്തര മൊത്ത ഉത്പാദനം-ജി.ഡി.പി പോലെയുള്ള സാമ്പത്തിക ഏകകങ്ങൾ വളർച്ചാ സൂചകങ്ങളായി ഉപയോഗപ്പെടുത്തുന്നതിലും പരിമിതികളില്ലേ?**

ശരിയാണ്. അത്തരത്തിലുള്ള ഒരു ചിന്ത വരുന്നതേയില്ല. ഇന്ത്യയിലെ ബഹുഭൂരിപക്ഷം സാമ്പത്തിക ശാസ്ത്രജ്ഞന്മാരും വളർച്ചയാണ് സർവ്വവും എന്ന് ചിന്തിക്കുന്നവരാണ്. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലാണ് തങ്ങൾ ചിന്തിക്കുന്നത് എന്നതാണ് അവരുടെ ധാർഷ്ട്യം. എല്ലാം പരിമാണാത്മകമായി കാണാൻ കഴിയണം എന്നാണ് അവർ പറയുന്നത്. പാരിസ്ഥിതിക സേവനങ്ങളെ (Ecological Services) ഒന്നും അങ്ങനെ quantify ചെയ്യാൻ കഴിയില്ലല്ലോ. കണക്കിന്റെ ഭാഷയിലേക്ക് മാറ്റാൻ കഴിയാത്തതൊന്നും ഇക്കണോമിക്സായി വ്യവസ്ഥാപിത സാമ്പത്തിക വിദഗ്ധർ പരിഗണിക്കുന്നതേയില്ല. വികസനം എന്നത് ഗുണാത്മകമായി കാണേണ്ട കാര്യമാണ്. എന്നാൽ ജി.ഡി.പിയുമായി ബന്ധപ്പെടുത്തിയാണ് അവർ അതിനെക്കുറിച്ച് പറയാൻ ശ്രമിക്കുന്നത്. ഇത് ഒരു ന്യൂനീകരണ സമീപനമാണ് (reductionist approach). ജി.ഡി.പി വളർച്ചയുമായി ബന്ധപ്പെടുത്തി കണക്കാക്കണമെങ്കിൽ പ്രകൃതിയേയും സംസ്കാരത്തെയും എല്ലാം ചരക്ക് എന്ന നിലയിൽ പരിഗണിക്കേണ്ടിവരും. ജി.ഡി.പി വർദ്ധിപ്പിക്കുക എന്ന കേവലമായ ലക്ഷ്യത്തിൽ മുന്നോട്ടുപോകുന്ന ഒരു സർക്കാരിനെ സംബന്ധിച്ച് വികസനം എന്നത് പരിധിയില്ലാത്ത വളർച്ച മാത്രമായി മാറുന്നത് അതുകൊണ്ടാണ്. ജനാധിപത്യത്തിന്റെ ഒരു പരാജയമായി ഇതിനെ കാണാൻ കഴിയണം. പ്രാതിനിധ്യ ജനാധിപത്യത്തിന്റെ എല്ലാ ദൗർബല്യങ്ങളും ഇന്ത്യൻ ജനാധിപത്യത്തിനുണ്ട്. അധികാരവികേന്ദ്രീകരണം ഭരണഘടനാപരമായി നിലവിൽ വന്നിട്ടുണ്ടെങ്കിലും അത് ഒരു തിരുത്തൽ ശക്തിയായി ആയി മാറിയിട്ടില്ല. അങ്ങനെ മാറണമെങ്കിൽ ജനാധിപത്യത്തെ ഒന്നുകൂടി ക്രിട്ടിക്കൽ ആയി നോക്കിക്കാണാൻ കഴിയണം. തദ്ദേശസ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ കഴിയുന്നതിനൊപ്പം അധികാരവികേന്ദ്രീകരണം എന്നത് ഒരു ഓർഗാനിക് സിസ്റ്റം ആയി മാറണം. അപ്പോഴാണ് ജനാധിപത്യം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും നമുക്ക് അനുഭവപ്പെടുക. ഗ്രാമസഭ വിളിച്ചുകൂട്ടുമ്പോൾ വിദ്യാഭ്യാസം കൂടുതലുള്ളവർക്കോ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കോ കൂടുതൽ പ്രാമുഖ്യം കിട്ടുകയാണെങ്കിൽ ഓർഗാനിക് സിസ്റ്റമായി ജനാധിപത്യം മാറിയിട്ടില്ല എന്നാണ് അർത്ഥം. രാഷ്ട്രീയ പാർട്ടികളെ ഭയന്ന് ഗ്രാമസഭയിൽ സത്യസന്ധമായ അഭിപ്രായം പറയാനും ആവശ്യങ്ങൾ ഉന്നയിക്കാനും ജനങ്ങൾ ഭയക്കുന്ന സ്ഥിതി ഇവിടെ നിലനിൽക്കുന്നുണ്ട്. ഭയമുള്ളിടത്ത് ജനാധിപത്യം ഉണ്ടാകില്ല. അതുകൊണ്ട്, സമൂഹത്തെ ജനാധിപത്യവത്കരിക്കുന്ന കാര്യത്തിൽ നമ്മൾ ഇനിയും ഏറെ മുന്നോട്ടുപോകേണ്ടതുണ്ട് എന്നുതന്നെ ഞാൻ പറയും.

> ജി.ഡി.പി വളർച്ചയുമായി ബന്ധപ്പെടുത്തി കണക്കാക്കണമെങ്കിൽ പ്രകൃതിയേയും സംസ്കാരത്തെയും എല്ലാം ചരക്ക് എന്ന നിലയിൽ പരിഗണിക്കേണ്ടിവരും. ജി.ഡി.പി വർദ്ധിപ്പിക്കുക എന്ന കേവലമായ ലക്ഷ്യത്തിൽ മുന്നോട്ടുപോകുന്ന ഒരു സർക്കാരിനെ സംബന്ധിച്ച് വികസനം എന്നത് പരിധിയില്ലാത്ത വളർച്ച മാത്രമായി മാറുന്നത് അതുകൊണ്ടാണ്.

**പതിനെട്ടാം നൂറ്റാണ്ടിൽ ഉടലെടുത്ത വ്യാവസായിക വിപ്ലവവും അതേ തുടർന്നുണ്ടായ സാമ്പത്തിക വളർച്ചയും സാധ്യമായതിന് പിന്നിൽ തെക്ക് നിന്നും വടക്കോട്ടുള്ള അസന്തുലിതമായ ഊർജ്ജപ്രവാഹമാണ് എന്നത് വസ്തുതയാണ്. കോളനികളിൽ നിന്നും ഉടമ രാജ്യങ്ങളിലേക്ക് എന്ന പോലെ പോസ്റ്റ് കൊളോണിയൽ കാലഘട്ടത്തിൽ ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കും ഇത്തരത്തിൽ പ്രകൃതിവിഭവങ്ങളും ഊർജ്ജവും പ്രവഹിക്കുന്നതാണ് നഗരങ്ങളുടെ ക്രമാതീതമായ വളർച്ചയ്ക്കും ഗ്രാമീണ മേഖലയുടെ ശോഷണത്തിനും കാരണമാകുന്നത്. ഈയൊരു പ്രശ്നത്തെ സാമ്പത്തിക ശാസ്ത്രജ്ഞൻ എന്ന നിലയിൽ എങ്ങനെ കാണുന്നു?**

ഒരുതരത്തിലും അംഗീകരിക്കാൻ കഴിയാത്ത കാര്യമാണത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഇക്കണോമിക് സർവ്വെയുടെ (2016-17) ചാപ്റ്റർ 14ന്റെ തലക്കെട്ട് From Competitive Federalism to Competitive Sub-Federalism എന്നാണ്. അതിന്റെ ഒരു ഉപശീർഷകം Cities as Dynamos എന്നുമാണ്. നഗരങ്ങൾ കൂടുതൽ വികസിപ്പിക്കുന്നതാണ് വികസനം എന്ന ചിന്തയിൽ തന്നെയാണ് നമ്മൾ ഇപ്പോഴും ഉറച്ചുനിൽക്കുന്നത്. നഗരങ്ങൾ ഇത്തരത്തിൽ വികസിക്കണമെങ്കിൽ നിങ്ങൾ പറഞ്ഞതുപോലെയുള്ള എനർജി ഫ്ളോ ഇനിയും വേണ്ടിവരും. Spacial inequality കൂടുന്നതിന് അത് കാരണമായിത്തീരുന്നു. ഈ അനീതിയെ മറികടക്കണമെങ്കിൽ ലോക്കൽ ഗവേർണൻസ് ശക്തിപ്പെടണം. അതാണ് 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ ഉദ്ദേശിക്കപ്പെട്ടത്. ആ സങ്കൽപ്പത്തിന് തുരങ്കം വയ്ക്കുന്നതാണ് Cities as Dynamos പോലെയുള്ള സമീപനങ്ങൾ. മെട്രോപോളിറ്റൻ നഗരങ്ങളുടെ എണ്ണം എങ്ങനെ കൂട്ടാം എന്നതിനെക്കുറിച്ചാണ് ഇന്ത്യാ സർക്കാർ ചിന്തിക്കുന്നത്. അതിന് ആവശ്യമായ വിഭവങ്ങൾ എവിടെ നിന്നും ലഭിക്കും എന്നതിനെക്കുറിച്ച് അവർ ആലോചിക്കുന്നില്ല. വൻകിട മുതലാളിമാരും കോൺട്രാക്ടർമാരും രാഷ്ട്രീയ പാർട്ടികളും ഉൾച്ചേരുന്ന ഒരു മാഫിയയുടെ താത്പര്യങ്ങളാണ് ഇതിന് പിന്നിൽ പ്ര

വർത്തിക്കുന്നത്. ഇതിന്റെ peripheral effect ആയാണ് പാർശ്വവത്കരണം സംഭവിക്കുന്നത്.

**A model which is not sustainable is a tragedy എന്ന് താങ്കൾ കുറിക്കുകയുണ്ടായി. കേരള മോഡൽ വികസനം ഒരു ദുരന്തമായിരുന്നു എന്നാണോ താങ്കൾ പറയുന്നത്?**

കേരള മാതൃക ഒരു ട്രാജഡി ആണെന്ന് ഞാൻ കരുതുന്നില്ല. പക്ഷെ അത് ഇപ്പോൾ സുസ്ഥിരമല്ല എന്നത് വസ്തുതയാണ്. മനുഷ്യന് ജീവിക്കാൻ ഉതകുന്ന ഒരു സാഹചര്യം ഉണ്ടാക്കുന്നതാണ് സുസ്ഥിരത. അതിപ്പോൾ കേരള മോഡലിൽ ഇല്ല. കേരളത്തെ കേരളമാക്കാനുള്ള പ്രചോദനം ലഭിച്ചത് ശ്രീനാരായണ ഗുരുവിന്റെയും അയ്യങ്കാളിയുടെയും പ്രസ്ഥാനങ്ങളിൽ നിന്നാണ്. കേരള വികസന മാതൃകയുടെ അടിത്തറ അവരുടെ മൂവ്മെന്റാണ് എന്നാണ് ഞാൻ കരുതുന്നത്. യു.എൻ ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല ഞാൻ കേരള വികസന മാതൃക എന്ന് പറയുന്നത്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും കേരളം കൈവരിച്ച നേട്ടങ്ങൾ നമ്മുടെ നവോത്ഥാന പാരമ്പര്യത്തിന്റെ തുടർച്ചയാണ്. നിന്ദ്യമായ ജാതിവ്യവസ്ഥയും തീണ്ടലും നിലനിന്നിരുന്ന, കീഴാളരെ കൊടിയരീതിയിൽ ചൂഷണം ചെയ്തിരുന്ന ഒരു വ്യവസ്ഥയെ ഇല്ലാതാക്കാൻ സമർത്ഥമായി പൊരുതിയ രാഷ്ട്രീയ ഇടപെടലുകൾ കേരളത്തിൽ ഉണ്ടായിരുന്നു. അങ്ങനെ നോക്കുമ്പോൾ സാമൂഹികനീതിയെ മുൻനിർത്തിയുള്ള ഒരു രാഷ്ട്രീയ-സാമൂഹിക സമത്വവാദമായിരുന്നു കേരള മോഡൽ എന്ന് പറയാം. എന്നാൽ കേരളം ഇന്ന് ഒട്ടും അനുകരണീയമല്ലാത്ത ഒരു മാതൃകയായി മാറിയിരിക്കുകയാണ്. യുക്തിസഹമായി കാര്യങ്ങൾ അപഗ്രഥിക്കുന്ന ഒരു പൊതുമണ്ഡലം ഇന്ന് കേരളത്തിലില്ല. കേരള ജനതയ്ക്ക് പൊതുവിൽ ഒരു സ്വപ്നമോ ദർശനമോ ഇല്ല. പൊതുമണ്ഡലം മാത്രമല്ല അതിന്റെ സജീവഭാഗമായ ജനാധിപത്യരാഷ്ട്രീയവും അപകടകരമാംവിധം അപചയപ്പെട്ടിരിക്കുന്നു. ആദിവാസികൾ, ദളിതർ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ തുടങ്ങിയ നിരവധി വിഭാഗങ്ങൾ പാർശ്വവത്കരിക്കപ്പെട്ടത് നമ്മുടെ ജനാധിപത്യരാഷ്ട്രീയത്തിന്റെ പരാജയമാണ്. സാമൂഹ്യനീതി എന്ന ലക്ഷ്യം ഇന്ന് കേരള മാതൃകയുടെ ഭാഗമാണെന്ന് വാദത്തിന് വേണ്ടി പോലും പറയാൻ വിഷമമാണ്. നിയമങ്ങളെ തങ്ങളുടെ പക്ഷത്തേക്ക് വളച്ചൊടിക്കാൻ കെല്പ്പുള്ള മാഫിയാ സംഘങ്ങളുടെ പിടിയിലാണ് ഇന്ന് കേരളം. കേരളം അതിവേഗത്തിൽ ഒരു അസമത്വ സമൂഹമായി മാറുകയാണ്. കർഷകത്തൊഴിലാളികൾക്ക് കിടപ്പാടം ഉറപ്പാക്കിയെങ്കിലും കൃഷിഭൂമി നൽകാൻ കഴിഞ്ഞില്ല. തോട്ടങ്ങളെ ഭൂപരിധിയിൽ നിന്നും ഒഴിവാക്കിക്കൊടുക്കുകയും ടാറ്റയും ഹാരിസണും പോലെയുള്ള കമ്പനികൾക്ക് വ്യാജരേഖ ചമച്ച് ലക്ഷക്കണക്കിന് ഹെക്ടർ ഭൂമി കൈവശംവയ്ക്കുന്നത് അവസരമൊരുക്കുകയും ചെയ്തു. കേരള മോഡലിന്റെ രണ്ട് മുഖ്യസ്തംഭങ്ങളായിരുന്ന ആരോഗ്യവും വിദ്യാഭ്യാസവും ആണ് ഇന്ന് ഏറ്റവും പ്രതിസന്ധി നേരിടുന്ന മേഖലകൾ. രണ്ടും ഇന്ന് ഏറെ വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. രണ്ടിടത്തും ഇന്ന് അവസരസമത്വവും ഗുണനിലവാരവുമില്ല. കേരള മോഡൽ ഇത്തരത്തിൽ ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്നുണ്ട് എന്നത് വ്യക്തമാണ്. വികസനത്തിന്റെ സ്വഭാവവും ദിശയും ദർശനവും മാറേണ്ടിയിരിക്കുന്നു എന്ന സൂചനയാണ് കേരള മോഡലിന്റെ തകർച്ച നമുക്ക് നൽകുന്നത്. വികസനത്തെക്കുറിച്ച് പുനർചിന്ത നടത്തുമ്പോൾ എന്തെല്ലാമാണ് അടിസ്ഥാനമാക്കേണ്ടത്? നിരന്തര വളർച്ച എന്നതിനല്ല, മാനവികതയുടെ വളർച്ചയ്ക്കാണ് ഊന്നൽ നൽകേണ്ടത്. മനുഷ്യരുടെ എല്ലാത്തരം അസ്വാതന്ത്ര്യങ്ങളെയും ഇല്ലാതാക്കാൻ കഴിയുന്ന തരത്തിലുള്ള വികസനമാണ് വേണ്ടത്. ശരിയേത് തെറ്റേത് എന്ന് മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാനുള്ള ശേഷി (capabilities) വർദ്ധിപ്പിക്കുന്ന തരത്തിലുള്ള വികസനം. ശരിയായ തീരുമാനങ്ങളെടുക്കാനുള്ള കഴിവാണ് capability. ഓരോ വ്യക്തിക്കും ആ കഴിവുണ്ടാകണം. അതായിരിക്കണം വികസനത്തിന്റെ ധർമ്മം. ■

## സ്വാതന്ത്ര്യമാണ് വികസനം: അമർത്യസെൻ വീക്ഷണത്തെക്കുറിച്ച്

### ഡോ. എം.എ. ഉമ്മൻ

സാമ്പത്തികശാസ്ത്രത്തിനും വികസനത്തിനും പ്രസക്തമായ ചില ദാർശനികവും, അതേസമയം പ്രായോഗികതലത്തിൽ പരിഗണിക്കേണ്ടതുമായ ചില ചോദ്യങ്ങൾ ബൃഹദാരണ്യക ഉപനിഷത്തിൽ മൈത്രേയിയും ഭർത്താവ് യാജ്ഞവല്ക്യനുമായുള്ള സംഭാഷണം ഉദ്ധരിച്ചുകൊണ്ട് സെൻ വിശദീകരിക്കുന്നു. ഈ ലോകത്തിലെ സകല സമ്പത്തും നേടിയാൽ എനിക്ക് അനശ്വരത പ്രാപിക്കാനാകുമോ എന്ന മൈത്രേയിയുടെ ചോദ്യത്തിന് യാജ്ഞവല്ക്യൻ ഇങ്ങനെ മറുപടി പറയുന്നു. "ഇല്ല, ധനവാന്മാരുടെ അനുഭവമായിരിക്കും ഫലം. സമ്പത്തുകൊണ്ട് ഒരിക്കലും അനശ്വരത നേടാനാവില്ല." "എനിക്ക് അനശ്വരത നേടിത്തരാത്തതിനെ ഞാനെന്തു ചെയ്യണം?". വരുമാനവും നേട്ടങ്ങളും, വസ്തുവകകളും പ്രാപ്തിയും, നമ്മുടെ സ്വത്തും, നാം വിലപ്പെട്ടതെന്ന് കരുതുന്ന ജീവിതം നയിക്കാനുള്ള കഴിവും തമ്മിലുള്ള ബന്ധം വികസനത്തിന്റേതാണ് (ഒരു വലിയ അളവിൽ സാമ്പത്തിക ശാസ്ത്രത്തിന്റെയും). വരുമാനവും സമ്പത്തും സ്വയമേവ പ്രധാനമല്ല. നമുക്ക് വിലപ്പെട്ടതെന്നു തോന്നുന്ന ജീവിതം നയിക്കാനുള്ള സ്വാതന്ത്ര്യം അത് എത്ര കണ്ടു നൽകുന്നു എന്നതാണ് പ്രധാനം.

സാമ്പത്തിക ശാസ്ത്രം പൊതുവെ വരുമാനത്തിനും സാമ്പത്തിക വളർച്ചയ്ക്കും പ്രാധാന്യം നൽകുന്നു. മൈത്രീ-യാജ്ഞവൽക്യ സംഭാഷണത്തിലൂടെയും തുടർന്നുള്ള ചർച്ചകളിലൂടെയും സെൻ ഈ സമീപനത്തിന്റെ പൊള്ളത്തരം എടുത്തുകാട്ടുന്നു. അർത്ഥവത്തായ ഏതൊരു വികസന സങ്കൽപ്പവും ദേശീയ വരുമാനത്തിന്റെയും സ്വത്തു സ്വരൂപണത്തിന്റെയും സങ്കുചിത പരിധിക്കപ്പുറമാണെന്ന് സെൻ വാദിക്കുന്നു. നാം നയിക്കുന്ന ജീവിതത്തിന്റെയും നാം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തന്റെയും മേന്മ ഉയർത്തുന്നത് സംബന്ധിച്ചുള്ളതായിരിക്കണം വികസനം. അടിസ്ഥാന സ്വാതന്ത്ര്യമില്ലാതെ ഒരു മനുഷ്യനും സമൂഹത്തിനും കൊള്ളാവുന്ന വ്യക്തി ആയിരിക്കാൻ പറ്റില്ല. പക്ഷേ ഈ സ്വാതന്ത്ര്യമുണ്ടാകുന്നതിനുവേണ്ട പ്രാപ്തി അയാൾക്കുണ്ടായിരിക്കണം.

*(കടപ്പാട്: അമർത്യസെന്നിന്റെ മാനവിക വികസന ശാസ്ത്രം ഒരു ആമുഖ പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)*